കെട്ടിയ ബസ്സുകളും അശോക് ലെയ്ലാൻഡിൽനിന്നും, അശോക് ലെയ്ലാൻഡിൽനിന്നു 23 ചെയിസിസുകളും വാങ്ങി പല്ലവൻ ട്രാൻസ്പോർട്ട് കോർപ്പറേഷനിൽ ബോഡി കെട്ടിയും, അശോക് ലെയ്ലാൻഡിൽ നിന്നുതന്നെ 20 ചെയിസിസുകളും വാങ്ങി ചേരൻ ട്രാൻസ്പോർട്ട് കോർപ്പറേഷനിൽ ബോഡി കെട്ടിയും കെ.എസ്.ആർ.ടി.സി.ക്ക് ലഭ്യമാക്കിയിട്ടുണ്ട്. 1985–86–ൽ അശോക് ലെയ്ലാൻഡിൽനിന്ന് ബോഡി കെട്ടിയ 63 ബസ്സുകളും വാങ്ങിയിട്ടുണ്ട്. ആ സീരിയലിലെ 35 ബസ്സുകളും അടുത്ത കാലത്തു കെ.എസ്.ആർ.ടി.സി. യിൽ ലഭ്യമാക്കിയിട്ടുണ്ട്. അതോടൊപ്പം കെ.എസ്.ആർ.ടി.സി. യുടെ പാപ്പനംകോട് വർക്കുഷോപ്പിൽ 1984–85–ൽ 99 ചെയിസിസുകൾക്കും 1985–86–ൽ 43 ചെയിസിസുകൾക്കും ബസ് ബോഡി നിർമ്മിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. യുടെ വർക്ക് ഷോപ്പുകളിൽ ബോഡി നിർമ്മിക്കാനായി വരുന്ന ചെലവ് ഐ.ഡി.ബി.ഐ. വായ്പയായി തരുന്നില്ല. പ്രസ്തുത ചെലവ് കെ.എസ്.ആർ.ടി.സി. മറ്റ് ധനാഗമമാർഗ്ഗങ്ങളിലൂടെ സ്വരൂപിക്കുന്നതാണ്. കടുത്ത സാമ്പത്തിക ബുദ്ധിമുട്ട് മൂലമാണ് സംസ്ഥാനത്തിന് പുറത്തുള്ള തമിഴ്നാട്ടിലെ ആർ.ടി.സി. സ്ഥാപനങ്ങളേയും അശോക് ലെയ്ലാൻഡിനേയും ആശ്രയിച്ചു ബോഡി കെട്ടിയ ബസ്സുകൾ കൂടുതൽ സമ്പാദിക്കുവാൻ കെ.എസ്.ആർ.ടി.സി. നിർബന്ധിതമായത്. അതോടൊപ്പം കെ.എസ്.ആർ.ടി.സി. വർക്ക് ഷോപ്പിന്റെ എഫിഷ്യൻസി പൂർണ്ണമായും റോഡ് ഓഫ് ആയിക്കിടക്കുന്ന ബസ്സുകൾ റിപ്പെയർ ചെയ്യുന്നതിനും ധനാഗമമാർഗ്ഗങ്ങൾക്കനുസരിച്ചു ടയർ തുടങ്ങിയ സ്പെയർപാർട്ടുകൾ വാങ്ങി ഉപയോഗപ്പെടുത്തുന്നതിനും ഉപയോഗിക്കുകയാണ്. ബോഡി നിർമ്മാണത്തെ സംബന്ധിച്ച് കെ.എസ്.ആർ.ടി.സി.ക്ക് ടി.വി. എസ്സുമായി യാതൊരുവിധ ബന്ധവുമില്ല. ആയത് അശോക് ലെയ്ലാൻഡ് കമ്പനിയും കെ.എസ്.ആർ.ടി.സി. യുമായി മാത്രമാണെന്നുകൂടി പ്രസ്താവിച്ചുകൊള്ളട്ടെ.

മി. സ്പീക്കർ: ഇതുസംബന്ധിച്ച് സപ്ലിമെന്ററി ചോദ്യങ്ങൾ ചോദിക്കാൻ നാളത്തെ ചോദ്യോത്തരവേളയിൽ അവസാനത്തെ 5 മിനിട്ട് അനുവദിക്കുന്നതാണ്.

VI. റിപ്പോർട്ടുസമർപ്പണം

1. 1986–ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ സംബന്ധിച്ച പത്താം സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ട്

Shri P. C. George: Sir, on behalf of the Chairman, I present the report of the Subject Committee X on the Payment of Salaries and Allowances (Amendment) Bill, 1936 as reported by the Subject Committee.

2. 1984–85, 1985–86 എന്നീ വർഷങ്ങളിലെ ഒന്നാം സബ്ജക്ട് കമ്മിറ്റിയുടെ ആനുകാലിക റിപ്പോർട്ടുകൾ

കൃഷിവകുപ്പു മന്ത്രി (ശ്രീ. എ.എൽ. ജേക്കബ്): സർ, കൃഷിവകുപ്പു മന്ത്രിയും ഒന്നാം സബ്ജക്റ്റ് കമ്മിറ്റിയുടെ അദ്ധ്യക്ഷനുമായ ഞാൻ 1984–85, 1985–86 എന്നീ വർഷങ്ങളിലേക്കുള്ള ആനുകാലിക റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly